


• പരിപാടി




# പ്ലാച്ചിമട ഉജ്വലസമരത്തിന്റെ രണ്ടാം വാർഷികം

ജീവിതത്തിനും മരണത്തിനുമിടയിൽ പട്ടിണിയും ദാരിദ്ര്യവുമായി പ്ലാച്ചിമടയിലെ ജനത കുടിവെള്ളത്തിനുവേണ്ടിയുള്ള പോരാട്ടം തുടരുകതന്നെയാണ്. ഏപ്രിൽ 22ന് രണ്ട് വർഷം തികയുന്ന ഈ സമരം നമ്മെ ഒന്ന് ബോധ്യപ്പെടുത്തുന്നത് അവിഹിതമായ ചില രഹസ്യധാരണകളാണ്. ഉദ്യോഗസ്ഥരും രാഷ്ട്രീയ പാർട്ടികളും ഗവൺമെന്റും ലോകത്തെ ഏതുവിധേനയും വിലക്കുവാങ്ങാൻ കഴിവുള്ള ആഗോള കുത്തകയായ കൊക്കകോളയും തമ്മിലുള്ള ബന്ധമാണത്. ഈ പൊറാട്ടുനാടകം കേരളം കാണാൻ തുടങ്ങിയിട്ട് ഏറെയായി. ഇതൊന്നുമറിയാതെ, പ്ലാച്ചിമടയിലെ ആദിവാസി സമൂഹം കുടിവെള്ളത്തിനുവേണ്ടി നടത്തുന്ന ഈ ഐതിഹാസിക സമരംകണ്ട് അന്തർദേശീയ മാധ്യമങ്ങളും മനുഷ്യാവകാശ പ്രവർത്തകരും ഐക്യദാർഢ്യം പ്രഖ്യാപിച്ചതുമാണ്. കനത്ത വരൾച്ചകൊണ്ട് കർഷകരുടെ ആത്മഹത്യകൾ പത്രങ്ങൾക്ക് വെറും വാർത്തയാകുമ്പോൾ ലോകസഭാ തെരഞ്ഞെടുപ്പിന്റെ ആഘോഷത്തിലേക്ക് കേരള ജനതയെ നയിക്കുകയാണ് മാധ്യമങ്ങളും രാഷ്ട്രീയ പ്രഭുക്കളും.

ഈ ഭൂമിയിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ച ഓരോ പൗരനും ഇനിയെങ്കിലും പ്ലാച്ചിമടയിലെ ജനങ്ങളുടെ ഈ സമരത്തിന് മാനസികമായും സാമ്പത്തികമായും ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടതുണ്ട്.

ഏപ്രിൽ 22ന് വ്യാഴാഴ്ച പ്ലാച്ചിമടയിൽ സമരത്തിന് ശക്തിപകരുന്നതിനും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനുമായി മുഴുവൻ മനുഷ്യാവകാശം പരിസ്ഥിതി പ്രവർത്തകരും ഒത്തുകൂടുകയാണ്.

ലോകജനതയെ ഞെട്ടിച്ച ഭോപ്പാലിലെ യൂണിയൻ കാർബൈഡിനെതിരെ സമരം നയിക്കുന്ന സമരനേതാക്കൾ, നദി വിൽപനയ്ക്കും സ്വകാര്യവൽക്കരണത്തിനുമെതിരെ സന്ധിയില്ലാസമരം നടത്തുന്ന ഛത്തീസ്ഘട്ടിലെ സമരനായകർ, കൊക്കകോള കമ്പനി വന്നാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരത്തെ തിരിച്ചറിഞ്ഞ് സമരം രംഗത്തിറങ്ങിയ ഉത്തർപ്രദേശിലെ മെഹദ്ഗഞ്ചിലെയും വാരാണസിയിലെയും തമിഴ്നാട്ടിലെ ശിവഗംഗയിലെ സമരനേതാക്കൾ തുടങ്ങിയവർ പ്ലാച്ചിമടയിലെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനും സമരത്തിന് ശക്തി നൽകുന്നതിനുമായി എത്തിച്ചേരുന്നുണ്ട്. കുടിവെള്ളത്തിന്റെ സ്വകാര്യവൽക്കരണത്തിനെതിരെ ഇന്ത്യയിലാകമാനം നടക്കുന്ന സമരങ്ങൾ മുഴുവൻ ഉൾക്കൊണ്ട്, വെള്ളത്തിന്റെ സ്വകാര്യവൽക്കരണത്തിനെതിരെ കാർട്ടൂണിസ്റ്റും ആക്ടിവിസ്റ്റും ചലച്ചിത്ര സംവിധായകനുമായ കെ.പി. ശശി സംവിധാനം ചെയ്ത ദ സോഴ്സ് ഓഫ് ലൈഫ് ഫോർ സെയിൽ ('ജീവന്റെ ഉറവിടം വിൽപ്പനയ്ക്ക്' ഇംഗ്ലീഷ് 62 മിനിറ്റ്) ഡോക്യുമെന്ററി ചലച്ചിത്രത്തിന്റെ ആദ്യപ്രദർശനവും പ്ലാച്ചിമടയിൽവെച്ചു നടക്കുന്നതാണ്.

കൊക്കകോള വിരുദ്ധസമരത്തിന് ആഗോള മാറ്റം നൽകിയ സി. ശരത്ചന്ദ്രന്റെ കയ്പുനീരും പ്രദർശിപ്പിക്കുന്നു. ജീവന്റെ തുടിപ്പറിഞ്ഞ്, നാടിന്റെ പാട്ടുകളുമായി ഓംജി ജോണും പ്ലാച്ചിമടയിലെത്തും. തെരുവുനാടകവും ഉണ്ട്.




തമസ്കരിക്കപ്പെട്ട ഗോത്രപ്പെരുമകളിൽ നിന്നും
ഒരു ഉയിർപ്പുപാട്ട്
മാറ്റിനിർത്തപ്പെട്ടവരുടെ പ്രതിരോധം
മണ്ണിന്റെ കരുത്തും മണവും
ജീവിതവും മരണവും
സന്ധിചേരുന്നിടത്ത്
വ്യാകരണത്തെറ്റില്ലാത്ത ഒരു കൂട്ടായ്മ
ഞങ്ങൾ ചരിത്രത്തിനൊപ്പമോ
ചരിത്രത്തിനു പിന്നിലോ അല്ല
ഞങ്ങളാണ് ചരിത്രം....

നാടൻ പാട്ടുകളുടെ വരവ്
ഓഡിയോ കാസറ്റ് / സി.ഡി
അവതരണം : 'ഗോത്ര' സാംസ്കാരികഗവേഷണകേന്ദ്രം

'ഗോത്ര' നാടൻ പാട്ടുകളുടെയും നാടൻ കലകളുടെയും
രംഗാവതരണം തരംഗം സൃഷ്ടിക്കുന്നു.

'ഗോത്ര', പാളയംപറമ്പ് പി.ഒ., തൃശൂർ-680 741
tel. 0480-2719280 mob. 9447119280 e.mail : gotrafolk@rediffmail.com